**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*13 — 26.02.2018 ൽ മറുപടിക്ക്

## ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.പി.ജെ.ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | ജില്ല, താലൂക്ക് ആശുപത്രികളിലും പ്രൈമറി, ഫാമിലി ഹെൽത്ത് സെന്ററുകളിലും നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്ന് നിലവിൽ വന്നതാണെന്ന് വ്യക്തമാക്കുമോ; | (എ) | 02.08.1961 ലെ ജി.ഒ. (ആർ.ടി.) നം.3150/61/ആ.കു.വ പ്രകാരം സ്റ്റാഫ് പാറ്റേൺ ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിൽ വന്നത്. ഈ സ്റ്റാഫ് പാറ്റേൺ ഐ.പി.വിഭാഗം കിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കിയിട്ടുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനു ശേഷം ആരോഗ്യ രംഗത്ത് ആധുനികവും നൂതനവുമായ ധാരാളം ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനു ശേഷം 2008-ൽ സ്റ്റാന്റൈഡസേഷന്റെ ഭാഗമായി 06.11.2008-ലെ ജി.ഒ.(എം.എസ്) നം.568/08/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം സ്റ്റാഫ് പാറ്റേൺ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ആർദ്രം പദ്ധതിയിലൂടെ ഇതിനോടകം ആരോഗ്യ വകുപ്പ ഡയറക്ടറുടെ കീഴിൽ 2421 തസ്തികകളും മെഡിക്കൽ വിദ്യാഭ്യാസ വിഭാഗത്തിൽ 1739 തസ്തികകളുമടക്കം ആകെ 4160 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി ഒ.പി.യിലും ഐ.പി. യിലും എണ്ണത്തിൽ ഉണ്ടായ മാറ്റത്തിന് അനുസൃതമായി പ്രസ്തുത സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് സമഗ്ര പാക്കേജ് നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ മാറിയ രോഗാതുരത കണക്കിലെടുത്തുകൊണ്ടുള്ള സ്റ്റാഫ് പാറ്റേൺ മാറ്റങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 3 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ആയതിന്റെ ആദ്യ ഘട്ടത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റി |

| | | | |
|---|---|---|---|
| | | | ഇവിടെ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ വിഭാഗങ്ങളിലായി 830 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയ ജില്ലാ, താലൂക്കാശുപത്രികളിലും കൂടുതലായി തസ്തികകൾ സൃഷ്ടിച്ച് ഈ തസ്തികകളിലേയ്ക്ക് നിയമനം നടത്തിവരികയാണ്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരെഞ്ഞെടുക്കപ്പെടേണ്ട 500 സ്ഥാപനങ്ങളുടെ കരട് ലിസ്റ്റ് സർക്കാർ പരിശോധിച്ചു വരുന്നു. ജില്ലാ, താലൂക്ക്തല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ അധിക സൗകര്യങ്ങൾ ക്രമീകരിക്കാനും ആർദ്രം മിഷൻ ലക്ഷ്യമിടുന്നു. ജില്ല-ജനറൽ-താലൂക്ക് ആശുപത്രികളിലേയ്ക്കായി 266 ഡോക്ടർമാരുടെയും 625 മറ്റ് അനുബന്ധ സ്റ്റാഫുകളുടെയും തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ഒ.പി.കൂടുതലായിട്ടുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കായി 150 ഫാർമസിസ്റ്റ് ഗ്രേഡ് -II തസ്തികകളും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | കാത്ത് ലാബ്, ഇ.സി.ജി, എക്സ് റേ, ആധുനിക ലാബ്, ആംബുലൻസ് എന്നീ സൗകര്യങ്ങൾ അനുവദിച്ചിട്ടുള്ള ആശുപത്രികളിൽ ഇതിനാവശ്യമായ സ്ഥിരം സ്റ്റാഫിന്റെ ലഭ്യത ഉറപ്പുവരുത്തുവാൻ ഈ പാക്കേജിൽ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | ഈ പദ്ധതിയുടെ ഭാഗമായി ജില്ലാ/ജനറൽ/താലൂക്ക് തല ആശുപത്രികളിലേയ്ക്കായി മൊത്തം 891 തസ്തികകൾ ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്. ജനറൽ ആശുപത്രി തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ സ്ഥാപനങ്ങളിലേയ്ക്കായി യഥാക്രമം 2 കാത്ത് ലാബ് ടെക്നീഷ്യൻ തസ്തികയും 36 സ്ഥാപനങ്ങളിലേയ്ക്കായി 36 ഇ.സി.ജി.ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികയും 16 സ്ഥാപനങ്ങളിലേയ്ക്കായി 16 എക്സ്റേ അറ്റന്റർ തസ്തികയും 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കായി 170 ലാബ് ടെക്നീഷൻ ഗ്രേഡ്-II തസ്തികയും സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ